"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - M/s. കേരള സോപ്സ്, കോഴിക്കോട് നിർമ്മിക്കുന്ന വിവിധ ഇനം സോപ്പ് ഉല്പന്നങ്ങൾ, വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/ സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ തുടങ്ങിയവയ്ക്ക് ടെൻഡർ നടപടികൾ കൂടാതെ വിപണനം ചെയ്യുന്നതിന് അനുമതി നൽകി കൊണ്ടുള്ള ഉത്തരവിന്റെ കാലാവധി ഒരു വർഷത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.47/2025/PPAD തീയതി,തിരുവനന്തപുരം, 19-06-2025

---

പരാമർശം:-
1. 24.05.2023 ലെ സ.ഉ.(സാധാ) നം.52/2023/എസ്.പി.ഡി.
2. 12.06.2024 ലെ സ.ഉ.(സാധാ) നം.55/2024/SPD.
3. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE) മാനേജിംഗ് ഡയറക്ടറുടെ 05.04.2025 ലെ KSIE/KS/2024-25/1098 നമ്പർ കത്ത്.

**ഉത്തരവ്**

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE), സംരംഭമായ M/s. കേരള സോപ്സ്, കോഴിക്കോട്, നിർമ്മിക്കുന്ന 24 ഇനം സോപ്പ് ഉല്പന്നങ്ങൾക്ക് പരാമർശം (1) പ്രകാരം വില നിർണ്ണയം നടത്തുകയും, ടെൻഡർ നടപടിക്രമങ്ങൾ കൂടാതെ സംസ്ഥാനത്തെ വിവിധ സർക്കാർ/അർദ്ധ സർക്കാർ/പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ / സ്വയംഭരണ സ്ഥാപനങ്ങൾ / യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ വിപണനം ചെയ്യുന്നതിന് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് അനുമതി നൽകുകയും ചെയ്തിരുന്നു.

2. പരാമർശം (1) പ്രകാരം വില നിർണ്ണയം ചെയ്ത് ടെൻഡർ ഇളവ് നൽകിയിരിക്കുന്ന 24 ഇനം സോപ്പ് ഉല്പന്നങ്ങൾക്കുള്ള അനുമതി പരാമർശം (2) പ്രകാരം ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകിയിരുന്നു. പ്രസ്തുത ഉത്തരവിന്റെ കാലാവധി 11.06.2025 - ൽ അവസാനിച്ച സാഹചര്യത്തിൽ ആയത് ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകണമെന്ന് കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ പരാമർശം (3) പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ യൂണിറ്റായ, കോഴിക്കോട്, കേരള സോപ്സ്, സ്വന്തമായി ഉല്പാദിപ്പിക്കുന്ന 24 ഇനം സോപ്പ് ഉല്പന്നങ്ങൾ, പരാമർശം (1) പ്രകാരം നിശ്ചയിച്ച നിരക്കിൽ കൂടരുത് എന്ന നിബന്ധനക്ക് വിധേയമായി ടെൻഡർ/ക്വട്ടേഷൻ നടപടി ക്രമങ്ങൾ കൂടാതെ സംസ്ഥാനത്തെ വിവിധ സർക്കാർ/അർദ്ധ സർക്കാർ/ പൊതുമേഖലാ/ തദ്ദേശ സ്വയംഭരണ/

സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ എന്നിവിടങ്ങളിൽ വിപണനം ചെയ്യുന്നതിന്, ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23 - ൽ ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഇളവ് ബാധകമായിട്ടുള്ള 24 ഇനം സോപ്പ് ഉല്പന്നങ്ങളും അവയുടെ വിലയും അനുബന്ധമായി ചേർക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SABIN JOSE
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-
എല്ലാ വകുപ്പ തലവൻമാർ / ഓഫീസുകൾ / അർദ്ധ സർക്കാർ / പൊതുമേഖലാ / തദ്ദേശ സ്വയംഭരണ/സ്വയംഭരണ സ്ഥാപനങ്ങൾ/യൂണിവേഴ്സിറ്റികൾ.
ഗ്രാമ വികസന കമ്മീഷണർ (എല്ലാ ബ്ലോക്ക് പഞ്ചായത്തുകളേയും അറിയിക്കുന്നതിന്).
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (എല്ലാ പഞ്ചായത്തുകളേയും വിവരം അറിയിക്കുന്നതിന്).
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും.
റീജിയണൽ പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, കൊല്ലം/എറണാകുളം/കോഴിക്കോട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് (KSIE), സെന്റ് ജോസഫ്സ് പ്രസ്സ് ബിൽഡിംഗ്,കോട്ടൺഹിൽ, തിരുവനന്തപുരം - 695 014.
വ്യവസായ (ബി) വകുപ്പ് (IND-B1/117/2025-IND എന്ന നമ്പർ ഫയൽ പ്രകാരം).
സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് പൊതുസംഭരണ ഉപദേശകകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്, തിരുവനന്തപുരം.
(സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ ചേർക്കുന്നതിന്).
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം, ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും
(ഇ-ഓഫീസ് മുഖാന്തിരം).
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

അനുബന്ധം

**PRICE FIXED BY THE RECOMMENDATIONS OF THE PRICE FIXATION COMMITTEE CONSTITUTED VIDE G.O.(Rt) No. 4/2023/SPD dated 11/01/2023**

| Sl. No. | NAME OF THE PRODUCT | UNIT (gm or ml) | APPROVED SELLING PRICE (Rs.) (Excluding Unloading Charges & Taxes) |
|---|---|---|---|
| 1 | KERALA SANDAL | 20 | 9.99 |
| 2 | KERALA SANDAL | 13 | 6.50 |
| 3 | KERALA SANDAL | 75 | 26.42 |
| 4 | KERALA SANDAL | 150 | 51.47 |
| 5 | KERALA SANDAL TRIO CLASSIC (3x150g) | 450 | 153.17 |
| 6 | 3 IN 1 FAMILY PACK (3X150g, SANDAL, VEP, THRILL) | 450 | 133.63 |
| 7 | VEP | 15 | 6.23 |
| 8 | VEP | 100 | 25.57 |
| 9 | VEP BANDED (3X100) | 300 | 77.75 |
| 10 | KAIRALI LIME FRESH | 90 | 22.20 |
| 11 | KAIRALI LOVELY PINK | 90 | 22.22 |
| 12 | KAIRALI ORANGE FRESH | 90 | 22.22 |
| 13 | KAIRALI LAVENDER | 90 | 22.45 |
| 14 | KAIRALI | 75 | 20.25 |
| 15 | KAIRALI BANDED (4X75g) | 300 | 81.00 |
| 16 | KERALA SANDAL CARBOLIC (COLTAR) | 100 | 22.48 |
| 17 | WASHWELL | 125 | 23.94 |
| 18 | WASHWELL | 100 | 21.21 |
| **LIQUID PRODUCT (ml)** | | | |
| 19 | KERALA SANDAL HANDWASH | 250 | 52.14 |
| 20 | KERALA SANDAL HANDWASH | 5000 | 639.24 |
| 21 | KERALA SANDAL HANDWASH | 500 | 75.95 |
| 22 | WASHWELL LIQUID DETERGENT | 1000 | 133.70 |
| 23 | LIQUID DISHWASH | 1000 | 132.00 |
| 24 | FLOOR CLEANER | 1000 | 113.72 |